ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അത് കൊടുക്കാൻ വയ്യാത്ത ചുറ്റുപാടുള്ളതുകൊണ്ടാണ് തൽക്കാലം അല്പം ഔദാര്യം കാണിക്കേണ്ടി വന്നിരിക്കുന്നുവെന്നു പറയാൻ കാരണം.

(2) സംസ്ഥാനത്തെ ചെറുകിട റേഷൻ വ്യാപാരികളെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: സർ, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കാര്യക്ഷമമായ ഒരു പൊതുവിതരണശൃംഖല ഭക്ഷ്യധാന്യവിതരണകാര്യത്തിൽ നമ്മുടെ സംസ്ഥാനത്തുണ്ട് എന്നുള്ളതു് ഒരു വസ്തുതയാണ്. പക്ഷേ അതിന്റെ നട്ടെല്ലായി പ്രവർത്തിക്കുന്ന സാധാരണക്കാരായ പാവപ്പെട്ടവരായ ചെറുകിട റേഷൻവ്യാപാരികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അനുഭാവപൂർവ്വമായ സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല എന്ന് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. നമ്മുടെ ഭരണാധികാരികളൊക്കെ ഈ കേരളത്തിലെ പൊതുവിതരണശൃംഖലയെക്കുറിച്ച് അഭിമാനം കൊള്ളുന്നവരാണ്. പക്ഷേ അവരുടെ പ്രശ്നം വരുമ്പോൾ മുഖം തിരിഞ്ഞ് നിൽക്കുന്ന ഒരു സമീപനമാണ് ഈ രംഗത്തുണ്ടായിട്ടുള്ളത്. ഏകദേശം 12,600-ഓളം ചെറുകിട റേഷൻവ്യാപാരികൾ ഈ സംസ്ഥാനത്തുണ്ട്. ഓരോ റേഷൻകടയിലും ശരാശരി രണ്ട് സെയിൽസ്മാൻ വീതം ഏകദേശം 25,000—ൽപ്പരം സെയിൽസ്മാൻമാർ ഈ രംഗത്ത് പ്രവർത്തിക്കുകയാണ്. പത്തുമുപ്പത്തെട്ടായിരം ആളുകൾ പ്രവർത്തിക്കുന്ന ഒരു മേഖലയാണിത്. എന്നു പറഞ്ഞാൽ 38,000 കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം ഈ റേഷൻകടകളെ ആശ്രയിച്ചു മാത്രമാണ് നിലനിൽക്കുന്നത്. ചുരുങ്ങിയത് 25,000 രൂപയെങ്കിലും മുതൽമുടക്കില്ലാതെ ഒരു റേഷൻകട നടത്തിക്കൊണ്ടുപോകാനാവില്ല. മിക്കവാറും സാധാരണക്കാരായ ചെറുകിട കച്ചവടക്കാർ ബാങ്കിൽനിന്നും കടമെടുത്താണ് റേഷൻകട നടത്തുന്നത്. ബാങ്കുകൾക്കു കൊടുക്കേണ്ട പലിശപോലും ഈ രംഗത്തുനിന്നും ചെറുകിട റേഷൻവ്യാപാരികൾക്ക് കിട്ടുന്നില്ല എന്നുള്ളതാണ് വസ്തുത. വളരെയേറെ അവശത അനുഭവിക്കുക മാത്രമല്ല ഉദ്യോഗസ്ഥൻമാരാൽ പീഡിപ്പിക്കപ്പെടുകയും ചെയ്യുന്ന ഒരു വിഭാഗമാണ് ഇത്. ഒരു ചെറുകിട റേഷൻ വ്യാപാരിക്ക് ഒരു മാസം ശരാശരി 60 ക്വിന്റൽ അരിയും ഏഴ് ക്വിന്റൽ പഞ്ചസാരയും 1,000 ലിറ്റർ മണ്ണെണ്ണയുമാണ് കിട്ടുന്നത്. ഒരു ക്വിന്റൽ അരിക്ക് കിട്ടുന്ന കമ്മീഷൻ ഏഴു രൂപ ഇരുപത്തൊന്ന് പൈസയാണ്. ഒരു ക്വിന്റൽ പഞ്ചസാരക്ക് കിട്ടുന്നത് നാലു രൂപ അൻപതു പൈസയാണ്. ആയിരം ലിറ്റർ മണ്ണെണ്ണക്ക് കിട്ടുന്നത് 92 രൂപ 10 പൈസയാണ്. ഈ സാധനങ്ങളുടെയൊക്കെ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ഇന്നു കൂടിയിട്ടുണ്ട്. കയറ്റിറക്കുകൂലി കൂടിയിട്ടുണ്ട്. കയറ്റിറക്ക് കൂലിയൊക്കെ കഴിച്ച് ഒരു ക്വിന്റൽ അരിക്ക് ശരാശരി കിട്ടുന്നത് ഒരു രൂപയോളം മാത്രമാണ്. കമ്മീഷൻ വർദ്ധിപ്പിക്കണമെന്ന് റേഷൻവ്യാപാരികളുടെ സംഘടന ആവശ്യപ്പെട്ടുവെങ്കിലും സർക്കാരിന്റെ ഭാഗത്തുനിന്നും അനുഭാവശൂന്യമായ സമീപനമാണ് ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഈ സർക്കാർ വന്നതിനുശേഷം 1983—ൽ മാത്രമാണ് വളരെ തുച്ഛമായ ഒരു വർദ്ധനവ് കൊടുത്തത്. അതിനുശേഷം ട്രാൻസ്പോർട്ടിംഗ് ചാർജ്, കയറ്റിറക്ക് ചാർജ്, കട വാടക, സെയിൽസ്മാൻമാരുടെ ശമ്പളം ഇവയെല്ലാം വർദ്ധിപ്പിച്ചിട്ടുണ്ട്. ബാങ്ക് പലിശയും വർദ്ധിപ്പിച്ചിട്ടുണ്ട്. അതുമാത്രമല്ല ജീവിതസൂചികതന്നെ വർദ്ധിച്ചിട്ടുണ്ടെന്നുള്ള കാര്യം നമുക്കൊക്കെ അറിയാവുന്നതാണ്. കമ്മീഷൻ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കാതെ ചെറുകിട റേഷൻവ്യാപാരികൾക്ക് ഒരു നിമിഷംപോലും മുന്നോട്ടുപോകാൻ കഴിയുകയില്ല എന്ന സ്ഥിതിയിൽ അവർ എത്തിച്ചേർന്നിരിക്കുകയാണ്. കമ്മീഷൻ വർദ്ധിപ്പിക്കുക മാത്രമല്ല ഇന്ന് നിലവിലുള്ള കമ്മീഷനെ വ്യവസ്ഥകൾകൂടി മാറേണ്ടതായിട്ടുമുണ്ട്. കമ്മീഷൻ ഇത്ര രൂപ എന്നു പറയുന്നതിനുപകരം ഇത്ര ശതമാനം എന്നാക്കി മാറണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇന്ത്യയിൽ ഒരു സംസ്ഥാനത്തിലും റേഷൻസാധനങ്ങൾക്ക് സെയിൽസ് ടാക്സ് ഈടാക്കുന്നില്ല. കേരളത്തിൽ മാത്രമാണ് റേഷൻസാധനങ്ങൾക്ക് സെയിൽസ് ടാക്സ് ഈടാക്കുന്നത്. സെയിൽസ്ടാക്സ് ഒഴിവാക്കണം, അഡീഷണൽ സെയിൽസ്ടാക്സ് കൊടുക്കണം. അതിനു പുറമേ അഡ്മിനിസ്ട്രേറ്റീവ് സർച്ചാർജ് കൊടുക്കണം. ഇങ്ങനെ നിരവധി ചാർജ്ജുകൾ ചെറുകിട റേഷൻവ്യാപാരികളിൽനിന്നും ഈടാക്കുകയാണ്. സെയിൽസ്ടാക്സ്, അഡീഷണൽ സെയിൽസ്ടാക്സ്, അഡ്മിനിസ്ട്രേറ്റീവ് സർച്ചാർജ്ജ് ഇതൊക്കെ ഒരു സംസ്ഥാനത്തിലും ഇല്ലാത്ത ഏർപ്പാടുകളാണ്. അതുകൊണ്ട് മറ്റു സംസ്ഥാനങ്ങളെ മാതൃകയാക്കി അത് ഉപേക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. റേഷൻ വ്യാപാരികളെ ഉദ്യോഗസ്ഥൻമാർ നിരന്തരമായി പീഡിപ്പിക്കുകയാണ്. 1966-ലെ കേരളാ റേഷനിംഗ് ഓർഡറിൽ ധാരാളം അപാകതകളുണ്ട്. കേരളാ റേഷനിംഗ് ഓർഡറിലെ 45 (8) വകുപ്പ് പ്രകാരം യാതൊരു മുന്നറിയിപ്പും കൂടാതെ ഒരു റേഷനിംഗ് ഇൻസ്പെക്ടർക്ക് കടയിൽ കയറി പരിശോധിക്കുവാനും പരിശോധിച്ചുകഴിഞ്ഞാൽ ചെറിയ ന്യൂനതയുടെ പേരിൽ റേഷൻ സാധനങ്ങൾ കണ്ടുകെട്ടുവാനുമുള്ള അധികാരം നിലനിൽക്കുകയാണ്. അങ്ങനെ റേഷൻ സാധനങ്ങൾ കണ്ടുകെട്ടിക്കഴിഞ്ഞാൽ കേസ് നടത്താൻ രണ്ടും മൂന്നും കൊല്ലം പിടിക്കും. 25,000 രൂപ ബാങ്കിൽ നിന്നും കടം വാങ്ങിയ വ്യാപാരിയെ സംബന്ധിച്ചിടത്തോളം 25,000 രൂപ അവിടെ മുടങ്ങിക്കിടക്കുകയാണ്. ഇതിന്റെ അമിതമായ പലിശ കൊടുക്കണം. അതിന്റെ ഫലമായി റേഷൻവ്യാപാരികൾ വളരെയേറെ കഷ്ടതകൾ അനുഭവിക്കുന്നുണ്ട് എന്നുള്ളതാണ് ഒരു വസ്തുതയാണ്. ശ്രീ. ടി. എസ്. ജോൺ ഭക്ഷ്യവകുപ്പുമന്ത്രിയായിരുന്ന കാലത്ത് T.S.O. മാർ മാത്രമേ പരിശോധിക്കാവൂ എന്ന നിർദ്ദേശം കൊടുത്തിരുന്നു. ഇന്ന് വീണ്ടും റേഷനിംഗ് ഇൻസ്പെക്ടർ പരിശോധിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുകയാണ്. ഇത് മാറ്റിയെടുക്കണം. അതുമാത്രമല്ല കേരളാ റേഷനിംഗ് ഓർഡറിലെ അനോമലീസ് പരിഹരിക്കുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയമിച്ച് ഈ കാര്യത്തെക്കുറിച്ച് ബന്ധപ്പെട്ട ആളുകളുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കണമെന്നഭ്യർത്ഥിക്കുകയാണ്. ഹോൾസെയിൽ ഡിപ്പോയിലെ റേഷൻ വ്യാപാരികൾക്ക് ഷോർട്ടേജ് കൊടുക്കുന്നുണ്ട്; മണ്ണണ്ണക്ക് ലീക്കേജ് കൊടുക്കുന്നുണ്ട്, സാധനങ്ങൾക്ക് കേടു വന്നാൽ പുതിയ സാധനങ്ങൾ കൊടുക്കുന്നുണ്ട്. അതൊന്നും ചെറുകിട റേഷൻ വ്യാപാരികൾക്ക് ബാധകമല്ല. അതും പരിശോധിക്കേണ്ടതായിട്ടുണ്ട്. ആ ഷോർട്ടേജും ലീക്കേജും ഡാമേജുമൊക്കെ ചെറുകിട റേഷൻവ്യാപാരികൾക്കുകൂടി ബാധകമാക്കണം. ഞാൻ മുമ്പു സൂചിപ്പിച്ചതുപോലെ പതിനായിരത്തോളം കുടുംബങ്ങൾ ഈ സംസ്ഥാനത്ത് അവശതയനുഭവിക്കുന്ന വിഭാഗമായി മാറിയിരിക്കുകയാണ് ദൗർഭാഗ്യവശാൽ റേഷൻകച്ചവടക്കാരായിപ്പോയി എന്നുള്ളതുകൊണ്ട്മാത്രം. സർക്കാരിന്റെ അനുഭാവശൂന്യമായ നിലപാടുകാരണം അവർ കഷ്ടത അനുഭവിക്കുകയാണ്. അവരുടെ യാതനകൾ പരിഹരിക്കണം. പരിഹരിച്ചില്ലെങ്കിൽ റേഷൻവ്യാപാരികളെ സംബന്ധിച്ചിടത്തോളം സമരരംഗത്തേക്ക് പോവുകയല്ലാതെ മറ്റു മാർഗ്ഗമില്ലെന്നുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. യു.എ.ബീരാൻ): സർ, ബഹുമാനപ്പെട്ട രാമചന്ദ്രൻമാസ്റ്ററർ ഇവിടെ പറഞ്ഞ സംഗതികളിൽ ചിലതെല്ലാം ശരിയാണ്. റേഷൻവ്യാപാരികളെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന്റെ സമീപനത്തിൽ യാതൊരു അപാകതയുമില്ല. അത് അദ്ദേഹം തെറ്റിദ്ധരിച്ചതാണ്. റേഷൻവ്യാപാരികൾക്ക് ഏറ്റവും മധികം കമ്മീഷൻ കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. 14-1-1984-ൽ ആണ് ഈ ഗവൺമെൻറ് അവരുടെ കമ്മീഷൻ വർദ്ധിപ്പിച്ചുകൊടുത്തത്. ഇന്ത്യാഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം സംസ്ഥാന ഗവൺമെൻറുകൾക്ക് ഒരു നിർദ്ദേശമുണ്ട്. അതിൽ പറയുന്നത് സെൻട്രൽ ഗവൺമെൻറ് എഫ്. സി. ഐ. യിൽ നിന്നും വാങ്ങുന്ന വില-അതായത് ഇഷ്യൂ പ്രൈസും ഉപഭോക്താക്കൾക്കു കൊടുക്കുന്ന വില-അതായത് സെല്ലിംഗ് പ്രൈസും തമ്മിൽ 15 രൂപയുടെ വ്യത്യാസംമാത്രമേ ഉണ്ടാകാൻ പാടുള്ളൂ എന്നാണ് ആ നിർദ്ദേശം. ഇവിടെ കേരളത്തിൽ ഇപ്പോഴത്തെ റേഷൻ ഡീലർമാർക്ക് കൊടുക്കുന്ന കമ്മീഷൻ സെയിൽസ്ടാക്സ്, അഡീഷണൽ സെയിൽസ്ടാക്സ്, സർച്ചാർജ്, അഡ്മിനിസ്ട്രേറ്റീവ് ചാർജ് അടക്കം 18 രൂപയോളം വ്യത്യാസം വരുന്നുണ്ട്. പരമാവധി 15 രൂപ മാത്രമേ ഈ ഇനത്തിൽ വ്യത്യാസം പാടുള്ളൂ എന്ന് സെൻട്രൽ ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇവിടെ ഇപ്പോൾ 18 രൂപയോളം വ്യത്യാസം വരുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇനിയും ഉപഭോക്താക്കളെ ബുദ്ധിമുട്ടിപ്പിക്കുന്ന രീതിയിൽ റേഷൻ വ്യാപാരികളുടെ അവകാശവാദങ്ങൾ കുറെയെല്ലാം ശരിയാണെങ്കിലും, അവരുടെ ചെലവും മറ്റും വർദ്ധിച്ചിട്ടുണ്ടെങ്കിലും കമ്മീഷൻ വർദ്ധിപ്പിക്കാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട മെമ്പർ പരാമർശിച്ച മറെറാരു കാര്യം റേഷൻസാധനങ്ങൾക്കുള്ള സെയിൽസ്ടാക്സും അഡീഷണൽ സെയിൽസ്ടാക്സുമെല്ലാം എടുത്തുകളയണമെന്നുള്ളതാണ്. ആ കാര്യം പരിശോധിക്കാവുന്നതാണ്. സെയിൽസ്ടാക്സ് ഇനത്തിൽ സംസ്ഥാനഗവൺമെൻറിന് കിട്ടുന്ന വരുമാനം എത്രയുണ്ടെന്ന് പരിശോധിച്ചിട്ട് അത് ഒഴിവാക്കിയിട്ട് അതിൽ നിന്നും എന്തെങ്കിലും ഒരു വിഹിതം അവരുടെ കമ്മീഷനിൽ ഭാഗമായിട്ട് കൊടുക്കാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കാവുന്നതാണ്. ഷോർട്ടേജും ലീക്കേജും ഒക്കെ റേഷൻഡീലേഴ്സിന് അനുവദിക്കാൻ നിവൃത്തിയില്ല. അത് ഹോൾസെയിൽകാർക്ക് കൊടുക്കുന്നതുതന്നെ ചില വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്. റേഷൻവ്യാപാരികളെ സംബന്ധിച്ചിടത്തോളം മൊത്തവ്യാപാരികളിൽനിന്ന് ശരിയായ അളവിലും തൂക്കത്തിലും വാങ്ങിക്കൊള്ളണമെന്നുള്ളത് നിർബന്ധമാണ്. അത് അവർ വാങ്ങേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഷോർട്ടേജും ലീക്കേജുമൊന്നും അവർക്ക് ബാധകമല്ല. കേരളാ റേഷനിംഗ് ഓർഡറിലെ വ്യവസ്ഥയനുസരിച്ച് റേഷൻഷോപ്പുകൾ പരിശോധിക്കുന്ന കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പരാമർശിക്കുകയുണ്ടായി. അതിന് കേരളാ റേഷനിംഗ് ഓർഡറിൽ സിവിൽസപ്ലൈസ് കമ്മീഷണറെയാണ് അധികാരപ്പെടുത്തിയിട്ടുള്ളതെങ്കിലും അദ്ദേഹം ആതൈസെയ്യുന്നതനുസരിച്ചുള്ള ഉദ്യോഗസ്ഥൻമാർക്ക് റേഷൻഷോപ്പുകൾ പരിശോധിക്കുവാനുള്ള അധികാരം നൽകിയിട്ടുണ്ട്. അത് ഇല്ലാതാക്കുന്നത് ശരിയാവുമെന്ന് എനിക്ക് തോന്നുന്നില്ല. 12,600-ൽപ്പരം വരുന്ന റേഷൻഷോപ്പുകളിൽ ബഹുഭൂരിപക്ഷവും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവരുടെ കൂട്ടത്തിൽ ചിലരെല്ലാം വേണ്ടാത്ത കാര്യങ്ങൾ ചെയ്യുന്നു എന്നുള്ളതുകൊണ്ട് അത് പരിശോധിക്കേണ്ടതും അതിന് തക്കതായിട്ടുള്ള നടപടികൾ എടുക്കേണ്ടതും ആവശ്യമാണ്. പിന്നെ അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുള്ളത് നല്ലയിനം അരി വിതരണം ചെയ്യണമെന്നുള്ളതാണ്. അതിന് കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തി ഇപ്പോഴും വിതരണം ചെയ്യുന്നത് നല്ലയിനം അരിയാണ്. അദ്ദേഹത്തിൻറെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽ മറൊരു കാര്യം പറയുന്നത് ആഴ്ചയിലെ റേഷൻ വ്യാപാരികളുടെ ഒഴിവുദിവസം ഏകീകരിക്കണമെന്നാണ്. അത് ഓരോ ജില്ലയിലും ജനങ്ങളുടെ ആവശ്യമനുസരിച്ചാണ് ഇപ്പോഴും വച്ചിട്ടുള്ളത്. ഉദാഹരണമായി മിക്കവാറും ഞായറാഴ്ചയാണെങ്കിലും തിരുവനന്തപുരം ജില്ലയെ സംബന്ധിച്ചിടത്തോളം ഇവിടത്തെ ഉദ്യോഗസ്ഥൻമാരുടേയും മറ്റും സൗകര്യം പരിഗണിച്ച് ഇവിടത്തെ ജില്ലാകളക്ടറും അവരുംകൂടി തീരുമാനിച്ചതുപ്രകാരം തിങ്കളാഴ്ചയാണ്. ആ സന്ദർഭത്തിൽ ജനങ്ങളുടെ സൗകര്യമനുസരിച്ചാണ് വീക്കിലി ഹോളിഡേ അവർക്കു നിശ്ചയിച്ചിട്ടുള്ളത്. പെട്ടെന്ന് ആ സൗകര്യമെല്ലാം അവഗണിച്ചുകൊണ്ട് ഏകീകരിക്കുക എന്നു പറയുന്നത് ബുദ്ധിമുട്ടായിരിക്കും. ഏതായിരുന്നാലും ബഹുമാനപ്പെട്ട മെമ്പർ ഈ കാര്യങ്ങളിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങളെല്ലാംതന്നെ ഗവൺമെൻറ് പരിശോധിക്കുന്നതാണ്. കമ്മീഷൻ നൽകുന്നതിനെസംബന്ധിച്ച് ഗവൺമെൻറിൻറെ നിലപാട് ഇതാണ്. സെയിൽസ് ടാക്സ് ഒഴിവാക്കാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സമ്മതിക്കുകയാണെങ്കിൽ അത് ഒഴിവാക്കി അതിൽനിന്നും ഒരു ഭാഗം ഇവർക്ക് കമ്മീഷനായി നൽകുന്നതിൽ വിരോധമില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇവിടെ കമ്മീഷൻ കൂടുതലാണെന്ന്. ആ വസ്തുത അംഗീകരിക്കാൻ തയ്യാറാണ്. പക്ഷേ കമ്മീഷൻ കൂടുതലാണെങ്കിൽപ്പോലും ഇന്ന് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് റേഷൻ വ്യാപാരികൾക്ക് കിട്ടുന്ന മാർജിൻ വളരെ തുച്ഛമാണ്. അത് മനസ്സിലാക്കിയെങ്കിലും റേഷൻവ്യാപാരികളെ രക്ഷിക്കുന്നതിന് തൽക്കാലം സെയിൽസ്ടാക്സ് എടുത്തുകളയുമെന്ന് ഉറപ്പായ ഒരു തീരുമാനം സർക്കാരിൽനിന്നുമുണ്ടാകുമോ?

ശ്രീ. യു. എ. ബീരാൻ: ഞാൻ ആദ്യമേതന്നെ പറഞ്ഞു ഇന്ത്യയിൽ കൂടുതൽ ചെലവ് ഉണ്ടാകുന്ന സംസ്ഥാനം എന്ന നിലയിലായിരിക്കാം കേരളത്തിലാണ് റേഷൻവ്യാപാരികൾക്ക് കൂടുതൽ കമ്മീഷൻ നൽകുന്നത് എന്ന്. ഇഷ്യൂപ്രൈസും റസല്ലിംഗ് പ്രൈസും തമ്മിലുള്ള വ്യത്യാസം 15 രൂപയോളമായിരിക്കണമെന്ന് നിർദ്ദേശമുണ്ടായിട്ടും ഇവിടെ 18 രൂപയോളം വരുന്നുണ്ട്. അതിൽ ഏഴു രൂപ ഇരുപത്തൊൻപത് പൈസ ഇവർക്കുള്ള കമ്മീഷനാണ്. പിന്നെ സെയിൽസ്ടാക്സും സർച്ചാർജും ബാക്കിയുള്ള കാര്യങ്ങളുമാണ് വരുന്നത്. അതുകൊണ്ട് വീണ്ടും എനിക്ക് പറയാനുള്ളത് സെയിൽസ്ടാക്സ് ഒഴിവാക്കുന്നതിന് എനിക്ക് വിരോധമില്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അംഗീകരിക്കുകയാണെങ്കിൽ അത് ഒഴിവാക്കി അതിൽനിന്ന് ഒരു ഭാഗം ഇവർക്ക് കമ്മീഷനായി നൽകാവുന്നതാണ്.

IV. സബ്മിഷൻ

(1) മാവേലിക്കര റെയിൽവേ സ്റ്റേഷനു വടക്കുവശത്ത് ഓവർബ്രിഡ്ജ് പണിയണമെന്ന ആവശ്യം

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, മാവേലിക്കര റെയിൽവേ സ്റ്റേഷൻറെ വടക്കുവശത്തുകൂടിയുള്ള റോഡിലെ ഗേറ്റ് ഗതാഗതസമയത്ത് അടച്ചിടുന്നതുകൊണ്ട്, ബുദ്ധിമുട്ടും ഗതാഗതതടസ്സവും ആ

LIBRARY ARCHIVES Kerala Legislative Assembly